ഉന്നത അക്കാദമിക നിലവാരം പുലർത്തുന്നവരെ സർവ്വകലാശാല സംവിധാനത്തിനകത്ത് കൊണ്ടുവരാൻ ഏറ്റവും പര്യാപ്തമായ സംവിധാനമാണിത്. ബഹു: ഹൈക്കോടതിയുടെ R.P.No.573/09 നമ്പർ റിവ്യൂ ഹർജിയിന്മേലുള്ള 3-11-2009-ലെ വിധിന്യായത്തിൽ, സംസ്ഥാനത്തെ സർവ്വകലാശാലകളിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടണമെന്ന കാര്യം പരാമർശിച്ചിട്ടുണ്ടെങ്കിലും ഈ കേസ്സിൽ സർക്കാരിൽ നിന്നും പ്രത്യേക സത്യവാങ്മൂലം ഹയൽ ചെയ്തിട്ടില്ല എങ്കിലും ഈ വിഷയത്തിലുള്ള സർക്കാരിന്റെ നിലപാട് 9-4-2010-ലെ 42063/ബി2/2009/ഉ.വി.വ. കത്ത് പ്രകാരം അഡ്വക്കേറ്റ് ജനറലിനെ അറിയിച്ചിട്ടുണ്ട്.

ഉദ്യോഗസ്ഥർക്ക് പ്രായപരിധിയിൽ ഇളവ്

31 (71) പ്രൊഫ. എൻ. ജയരാജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പി.എസ്.സി. വിജ്ഞാപനം നടത്തുവാൻ ഉദ്ദേശിക്കുന്ന ഉയർന്ന തസ്തികകളിലേക്ക് അപേക്ഷിക്കുന്നതിന് നിലവിൽ സർക്കാർ/അർദ്ധ സർക്കാർ/സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സർവ്വീസിൽ തുടരുന്ന ഉദ്യോഗാർത്ഥികൾക്ക് ഉയർന്ന പ്രായപരിധി ഇളവ് അനുവദിക്കുന്നതിന് ഉദ്ദേശമുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

വിവരം ശേഖരിച്ചു വരുന്നു.

സർക്കാർ ജീവനക്കാരുടെ കൂട്ട വിരമിക്കൽ

32 (73) ശ്രീ. കെ. അച്ചുതൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 മാർച്ചിൽ സർക്കാർ ജീവനക്കാരുടെ കൂട്ട വിരമിക്കൽമൂലം ഉണ്ടാകുന്ന ഒഴിവുകൾ നികത്തുന്നതിന് ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് ;

(ബി) ഉന്നത തസ്തികകളിലെ ഒഴിവുകൾ ഒന്നിച്ചു വരുന്നതുമൂലം ഉണ്ടാകുന്ന പ്രതിസന്ധി ഏതു വിധേനയാണ് പരിഹരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) ഇതുമൂലം ഉണ്ടാകുന്ന ഭരണ പ്രതിസന്ധി പരിഹരിക്കാൻ ഈ വർഷം എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) 31-3-2011 വരെ ഉണ്ടാകാൻ സാദ്ധ്യതയുള്ള എല്ലാ പ്രതീക്ഷിത ഒഴിവുകളും കെ.പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്ക് P&ARD-യുടെ 25-6-2010-ലെ 8040/ഉ.പ.സി3/10-ാം നമ്പർ കത്ത് മുഖാന്തിരം നിർദ്ദേശം നൽകിയിട്ടുണ്ട്. 31-3-2011-ന് മുമ്പ് കാലാവധി അവസാനിക്കുന്ന നിലവിലുള്ള റാങ്ക് ലിസ്റ്റുകളുടെ കാലാവധി 31-5-2011 വരെ ദീർഘിപ്പിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly